# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 16.11.2022 മുതൽ 20.11.2022 വരെ)

## കോഴിക്കോട്  ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 91/2022 | തീയ്യതി: 15/11/2022 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 14.1 | 30.1 – 34.6 | 23.1 – 25.5 | 69.2 – 93.0 | 0.0 – 6.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 16-11-2022 | 17-11-2022 | 18-11-2022 | 19-11-2022 | 20-11-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 2 | 0.1 | 0.1 | 0.1 |
| കൂടിയ താപനില, °C | 34 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 2 | 5 | 4 | 4 | 4 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 270 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 5 | 2 | 3 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ ലഭിക്കും **** | | |
| | ഇരുപത്തിനാലു മണിക്കൂറിൽ 15.5മില്ലി വരെ മാത്രം തീവ്രതയുള്ള ഒറ്റപ്പെട്ട ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യതയുണ്ട്. ഇടിയ്ക്കും മിന്നലിനും സാധ്യതയുണ്ട്. അടുത്ത രണ്ടാഴ്ചകളിലും ശരാശരി ( ആഴ്ചയിൽ 73 മില്ലി മീറ്റർ ) മഴ ലഭിക്കാൻ സാധ്യതയുണ്ട്. പ്രതി ദിന കൂടിയ ഊഷ്മാവ്, കുറഞ്ഞ ഊഷ്മാവ് എന്നിവ ശരാശരിയിൽ താഴെ ആയിരിക്കും. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. മഴയില്ലാത്ത ഇടവേളകളിൽ അധികരിച്ച ഉഷ്ണവും മഴ സമയത്ത് ശരാശരിയിൽ താഴ്ന്ന ഊഷ്മാവും അനുഭവപ്പെടും | | |

| | | | |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | പുതുതായി നട്ട തൈകളെ  വാഴയില, തെങ്ങോല എന്നിവ കൊണ്ട് പൊതിഞ്ഞു തെക്കൻ വെയിലിൽ നിന്നും സംരക്ഷിക്കുക.<br>നിലവിലെ കാലാവസ്ഥ ശൈത്യകാല പച്ചക്കറി.  കാലാതീത പച്ചക്കറി എന്നിവയുടെ കൃഷിക്ക് അനുയോജ്യമാണ് .<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>വാഴ  പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക | | |
| പച്ചക്കറികൾ | തൈകൾ | കാബേജ്, കോളിഫ്ലവർ ആദിയായ ശീതകാല പച്ചക്കറികൾ നടാൻ അനുയോജ്യമായ സമയമാണ്.<br>**നല്ല നീർവാർച്ചയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുക.  അല്ലാത്തപക്ഷം നല്ല നീർവാർച്ച നല്കാൻ കഴിയണം.  വിത്തുകള് / തൈകൾ ഉയർത്തിയ വരമ്പുകളിലോ കൂനകളിലോ നടുക.**<br>മണ്ണിൽ, സെന്റ്  ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക.  ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ  അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും. | |
| നെല്ല് | ഞാറ്റടി/ തൈകൾ | ഓല ചുരുട്ടിപ്പുഴു<br> | മുള്ളുള്ള  കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| നെല്ല് | വിവിധ ഘട്ടം | കുഴൽ പുഴു<br> | കരി ഓയിലോ മണ്ണെണ്ണയോ മുക്കിയ ഒരു കയർ നെല്ലോലകളുടെ മുകളിലൂടെ വലിച്ചു പുഴുക്കളെ വെള്ളത്തിലേക്ക് തള്ളിയിട്ടു വെള്ളം വാർത്തു കളയുക. പാടത്തു വെള്ളം വാർത്തതിന് ശേഷം മണ്ണെണ്ണ 1  L / അറക്ക പൊടി/ 25  kg മണൽ ഒരേക്കറിലേക്ക് വിതറുക |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | നിയന്ത്രണ മാർഗങ്ങൾ:-<br>നേർപ്പിച്ച ഇമിഡാക്ളോർപ്രിഡ് (1മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ലായനി ചെല്ലി തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക.<br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഇല/പൂങ്കുല കരിച്ചൽ  | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന് പറഞ്ഞ പ്രതിവിധികൾ നിർബന്ധമായും അവലംബിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്  | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br><br>രോഗം സ്ഥിരമായി കാണുന്ന ഇടങ്ങളിൽ കുമിൾ നാശിനി തടത്തിൽ കുതിർക്കുന്നത് 4 മാസ ഇടവേളകളിൽ ആവർത്തിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം  | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br>അല്ലെങ്കിൽ<br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| പാവയ്ക്ക | വളർച്ചാ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി